(ബി) 60 കുട്ടികളിൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക എന്നതാണ് പ്രവർത്തന രീതി. ഫോക്കസ് വിദ്യാലയങ്ങളിലെ നിലവിലെ അവസ്ഥ പഠിക്കുക, ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തുക, സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുക, ഭൗതികവും അക്കാദമികവുമായ വളർച്ച ഉറപ്പാക്കുക, ആവശ്യമായ പ്രത്യേക പിന്തുണ എസ്.എസ്.എ. സംവിധാനത്തിലൂടെ ലഭ്യമാക്കുക, അടുത്ത വിദ്യാഭ്യാസ വർഷം കൂടുതൽ കുട്ടികളെ ആകർഷിക്കുക എന്നിവയാണ് വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നതിനായി അവസ്ഥാ പഠനം നടത്തി വിദ്യാലയ മികവ്/പരിമിതി നിശ്ചയിക്കുക, മാർഗ്ഗരേഖകൾ, കൈപ്പുസ്തകങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുക, അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക ഒത്തുചേരലുകൾ സംഘടിപ്പിക്കുക, തദ്ദേശസ്ഥാപനം, എം.എൽ.എ. എന്നിവരുടെ സഹായം ഉറപ്പാക്കുക, പിന്തുണ നൽകാൻ ബി.ആർ.സി.-കളെ നിയോഗിക്കുക, നിരന്തര പിന്തുണയും മേൽനോട്ടവും ലഭ്യമാക്കുക, വിദ്യാലയ മികവ് സമൂഹത്തിനെ അറിയിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വിദ്യാലയ വികസനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഫ്ലെയർ പദ്ധതി

64 (1100) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (FLAIR) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ലെയർ എന്ന പദ്ധതിക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്. ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിനും ഗവേഷണത്തിലും മികച്ച ദേശീയ, അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. ഈ പദ്ധതി ആരംഭ വർഷത്തിൽ (2013-14) സർക്കാർ കോളേജുകളിലും അഞ്ച് സർവ്വകലാശാലകളിലുമാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അദ്ധ്യാപന സർവ്വീസിൽ പ്രവേശിച്ചവർക്കും ഇനിയും 20 വർഷമെങ്കിലും സർവ്വീസിലുള്ളവരുമായ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയ സ്ഥാപനങ്ങളായ ഐ.ഐ.ടി. മുംബൈ, ചെന്നൈ, ഗുവാഹത്തി, ബംഗളൂരു, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബംഗളൂരു, ഐ.ഐ.ഐ.ടി. ബംഗളൂരു, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, മുംബൈ, സാഹ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സ്, കൊൽക്കത്ത, ഐ.ഐ.എം. ബംഗളൂരു, എൻ.ഐ.ടി. ഭോപ്പാൽ, എൻ.സി.ബി.എസ്. ബംഗളൂരു തുടങ്ങിയ സ്ഥാപനങ്ങളുമായും യുണൈറ്റഡ് കിംഗ്ഡത്തിലെ പ്രമുഖ യൂണിവേഴ്സിറ്റികളുമായും സഹകരിച്ചാണ് ഫ്ലെയർ (FLAIR) പദ്ധതി നടത്തുന്നത്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും (താൽക്കാലികം) നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരു മുൻ പ്രൊഫസർ നേതൃത്വം നൽകുന്ന ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു.